# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/25/2017 പത്രക്കുറിപ്പ് 2017 ഫെബ്രുവരി 3

**ബി.എ. ക്രിമിനോളജി വിദ്യാർത്ഥികൾക്ക് അനുമതി ലഭിക്കും.**

ബാർകൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതിയില്ലാതെ ആരംഭിച്ച എറണാകുളം ഗവ : ലോ കോളേജിലെ ബി.എ. ക്രിമിനോളജി എൽ.എൽ.ബി കോഴ്സിന് ബാർകൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതി ലഭിക്കുമെന്ന് ഉറപ്പായി. ബാർകൗൺസിലിന്റെ അനുമതിയില്ലാതെ ആരംഭിച്ച കോഴ്സിന്, 2 ലക്ഷം രൂപ പിഴയടച്ചെങ്കിൽ മാത്രമേ വിദ്യാർത്ഥികൾക്ക് എൻറോൾ ചെയ്യാൻ അനുമതി നൽകുകയുള്ളുവെന്ന് ബാർ കൗൺസിൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ലോ കോളേജ് വിദ്യാർത്ഥികൾക്ക് എൻറോൾമെന്റിന് വഴിയൊരുക്കുന്നതിനായി 2 ലക്ഷം രൂപ പിഴയടയ്ക്കാമെന്ന് സർവ്വകലാശാലാ സിൻഡിക്കേറ്റ് തീരുമാനമെടുത്തു. ഇക്കാര്യം വൈസ് ചാൻസിലർ ബാർ കൗൺസിലിനെ രേഖാമൂലം അറിയിക്കുകയുായി. . ഇതോടൊപ്പം തന്നെ എം.ജി സർവ്വകലാശാലയുടെ കീഴിലുള്ള മറ്റു 4 ലോ കോളേജുകളിൽ ബാർകൗൺസിലിന്റെ അനുമതിയില്ലാതെ ആരംഭിച്ച ബി.എ. ക്രിമിനോളജി എൽ.എൽ.ബി കോഴ്സുകളുടെ സിലബസിൽ ബോർഡ് ഓഫ് സ്റ്റഡീസ് മാറ്റങ്ങൾ വരുത്തുകയും വൈസ്ചാൻസിലർ പ്രത്യേക അധികാരമുപയോഗിച്ച് അതിന് അനുമതി നൽകുകയും ചെയ്തു. അടുത്ത അദ്ധ്യയന വർഷം മുതൽ സിലബസിൽ നിന്ന് ക്രിമിനോളജി വിഷയങ്ങൾ നീക്കം ചെയ്യുമെന്നും സോഷ്യൽ സയൻസ് വിഷയങ്ങൾ പകരം ഉൾപ്പെടുത്തുമെന്നും രജിസ്ട്രാർ ബാർ കൗൺസിലിന് സത്യവാങ്മൂലം നൽകി. വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ, ബാർ കൗൺസിൽ ഓഫ് ഇന്ത്യ അധികാരികളുമായി ടെലഫോണിൽ ചർച്ച നടത്തുകയും ഇന്ന് (ഫെബ്രുവരി 4) നടക്കുന്ന ലീഗൽ എഡ്യൂക്കേഷൻ കമ്മിറ്റി യോഗത്തിൽ ഈ വിഷയം അവതരിപ്പിച്ച് എറണാകുളം ഗവ : ലോ കോളേജിലെ ഫൈനൽ ഇയർ ബി.എ. ക്രിമിനോളജി എൽ.എൽ.ബി വിദ്യാർത്ഥികൾക്ക് ഈ വർഷം തന്നെ എൻറോൾ ചെയ്യാനുള്ള അനുമതി ഉറപ്പാക്കുകയും ചെയ്തു.

**ഇന്റേണൽ അസസ്മെന്റ് പുന:ക്രമീകരണം – ഡോ : ബാബു സെബാസ്റ്റ്യൻ കൺവീനർ ആയി വൈസ് ചാൻസിലർമാരുടെ സമിതി :**

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്റേണൽ അസസ്മെന്റ് സംബന്ധിച്ച് നിലവിലുള്ള പരാതികളും പിഴവുകളും ആശങ്കകളും അകറ്റും വിധം ഇതിന്റെ ഘടന കാലാനുസൃതവും ശാസ്ത്രീയവുമായി പുന:ക്രമീകരിക്കേണ്ടതാണെന്നതിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ്ചാൻസിലർ ഡോ : ബാബുസെബാസ്റ്റ്യൻ കൺവീനറായി കേരള ഗവൺമെന്റ് വൈസ്ചാൻസിലർമാരുടെ സമിതി രൂപീകരിച്ച് ഉത്തരവായി. എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല വൈസ്ചാൻസിലർ ഡോ : കുഞ്ചറിയ.പി.ഐസക്, ആരോഗ്യ സർവ്വകലാശാലാ വൈസ്ചാൻസിലർ ഡോ : എം.കെ.സി നായർ, കാലിക്കറ്റ് സർവ്വകലാശാലാ വൈസ്ചാൻസിലർ ഡോ : കെ. മുഹമ്മദ് ബഷീർ എന്നിവർ സമിതി അംഗങ്ങളാണ്. സമിതിയുടെ റിപ്പോർട്ട് ഒരു മാസത്തിനകം ഗവൺമെന്റിന് സമർപ്പിക്കണം.

**പരീക്ഷാതീയതി**

മൂന്നാം സെമസ്റ്റർ എം.എസ്സി. സൈക്കോളജി (സി.എസ്.എസ്–2015 അഡ്മിഷൻ റഗുലർ) എലക്ടീവ് പേപ്പർ – ക്രിമിനോളജി പരീക്ഷ ഫെബ്രുവരി 15 ന് 9.30 മുതൽ 12.30 വരെ നടത്തും.

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർഗ്രാജുവേറ്റ് (2013ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി/2009 & 2010 അഡ്മിഷൻ മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകൾ ഫെബ്രുവരി 23 ന് ആരംഭിക്കും.

**പ്രാക്ടിക്കൽ**

2016 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്സി. ഇലക്ട്രോണിക്സ്/കംപ്യൂട്ടർ മെയിന്റനൻസ് ആന്റ് ഇലക്ട്രോണിക്സ്(റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ പ്രാക്ടിക്കൽ ഫെബ്രുവരി 8, 9 തീയതികളിൽ അതാത് കോളേജുകളിൽ നടത്തും. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ്ബ്സൈറ്റിൽ ലഭ്യമാണ്.

**സൂക്ഷ്മ പരിശോധന**

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.കോം.(ക്രഡിറ്റ് & സെമസ്റ്റർ സ്കീം)പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ ഫെബ്രുവരി 7, 8 തീയതികളിൽ ഹാൾ ടിക്കറ്റും ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകളുമായി സിൽവർ ജൂബിലി പരീക്ഷാ ഭവനിലെ ഇ.ജെ-5 സെക്ഷനിൽ എത്തേതാണ് .

**പരീക്ഷാഫലം**

2016 ഏപ്രിലിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എഡ്. (ദ്വി വത്സര) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 14 വരെ സ്വീകരിക്കും.

2016 ജൂലായിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എഡ്. (ഏക വർഷ)ഡിഗ്രി സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 15 വരെ സ്വീകരിക്കും.

2016 മാർച്ചിൽ നടത്തിയ മോഡൽ ഒന്ന് അവസാന വർഷ ബി.എസ്സി. മാത്തമാറ്റിക്സ് മെയിൻ മേഴ്സി ചാൻസ് (1991 – 1995 അഡ്മിഷൻ) ഡിഗ്രി സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 15 വരെ സ്വീകരിക്കും.

**പ്രഭാഷണം**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സെന്റർ ഫോർ ഇന്റർനാഷണൽ കോപ്പറേഷൻ, ജർമ്മനിയിലെ ഗവേഷണ - തൊഴിൽ അവസരങ്ങളെക്കുറിച്ച് ഫെബ്രുവരി 6 ന് രാവിലെ 10.30 ന് സ്ക്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സ് കോൺഫറൻസ് ഹാളിൽ പ്രഭാഷണവും സംവാദവും സംഘടിപ്പിക്കുന്നു. ജർമ്മൻ കോൺസുലേറ്റിലെ സയൻസ് ഉപദേശക ഡോ : മഞ്ജു മുണ്ടക്കാന പങ്കെടുക്കും. അദ്ധ്യാപകർക്കും ഗവേഷകർക്കും ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കും പങ്കെടുക്കാം. ഇമെയിൽ : sajimabraham@rediffmail.com

**സോഷ്യൽ സയൻസ് റിസർച്ച് മെതഡോളജി വർക്ക്ഷോപ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാല സ്ക്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് വകുപ്പും ഐ.സി..എസ്.എസ്.ആറും ചേർന്ന് ഫെബ്രുവരി 27 മുതൽ മാർച്ച് 5 വരെ പി.എച്ച്.ഡി ഗവേഷണ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള റിസർച്ച് മെതഡോളജി വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നു. ഗവേഷണ രീതി ശാസ്ത്രം, ഫീൽഡ് വർക്ക്, ഡാറ്റാ അനാലിസിസ്, തിസീസ് എഴുത്ത് എന്നിവയ്ക്ക് പ്രാധാന്യം കൊടുക്കുന്ന ഈ വർക്ക്ഷോപ്പ് സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ ഗവേഷണം ചെയ്യുന്ന തെക്കേ ഇന്ത്യയിലെ വിവിധ സർവ്വകലാശാലകളിലെ പട്ടികജാതി വിഭാഗത്തിലുൾപ്പെടുന്ന ഗവേഷകർക്കു മാത്രമാണ്. പങ്കെടുക്കാൻ താത്പര്യമുള്ളവർ നിലവിൽ ചെയ്തുകൊണ്ടിരിക്കുന്ന ഗവേഷണവുമായി ബന്ധപ്പെട്ട 600 വാക്കിൽ കുറയാത്ത വിവരണവും യോഗ്യതകൾ തെളിയിക്കുന്ന രേഖകളുമായി ഫെബ്രുവരി 10 ന് മുമ്പായി icssrworkshop2017@gmail.com ലേക്ക് അപേക്ഷകൾ അയയ്ക്കുക. കൂടുതൽ വിവരങ്ങൾക്ക് സർവ്വകലാശാലാ വെബ്ബ്സൈറ്റ് സന്ദർശിക്കുക. ഫോൺ : 9400233357.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**